ജലസേചനവും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി, പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ടനുസരിച്ച് ഇപ്പോൾ തന്നെ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ആ ക്ഷേമനിധിയുടെ പരിധിയിൽ വരുന്നുണ്ട്. അതുകൊണ്ട് പ്രത്യേകമായിട്ടുള്ള ഒരു ക്ഷേമനിധി രൂപീകരിക്കേണ്ടതിന്റെ ആവശ്യമില്ല.

മി. സ്പീക്കർ : അവതരിപ്പിക്കാതെ, പിൻവലിക്കുക. അങ്ങനെ ചെയ്യാം. അതുകൊണ്ട് കുഴപ്പമില്ല. ഇവിടെ കൊണ്ടുവന്നു എന്നു വിചാരിച്ച് സ്റ്റിക്ക് ഓൺ ചെയ്യണമെന്നില്ല. അങ്ങനെയൊരു കീഴ്വഴക്കം വേണം.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, കൺസ്ട്രക്ഷൻ തൊഴിലാളികൾക്കുവേണ്ടി പൊതുവായിട്ട് ഒരു ക്ഷേമനിധി ബിൽ ഉണ്ടെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ ഈ ബിൽ കൊണ്ടുവരുന്നത്. കൺസ്ട്രക്ഷൻ തൊഴിലാളികളുമായി ബന്ധപ്പെടുത്തി പൊതുവായി കാണാതെ ജലവൈദ്യുത പദ്ധതികളിൽ പണിയെടുക്കുന്ന തൊഴിലാളികളെ പ്രത്യേകമായി പരിഗണിക്കണമെന്നാണ് ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകാലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നത്. പാറ പൊട്ടിക്കുകയും പാറ തുരക്കുകയും ചെയ്യുന്ന ജോലിയാണ് പലപ്പോഴും ഇതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ചെയ്യേണ്ടത്. പാറയുടെ പൊടിയും സിമന്റുമൊക്കെ ശ്വസിക്കേണ്ടിവരുന്നതുകൊണ്ട് വളരെ പെട്ടെന്ന് രോഗികളായി മാറുന്ന സ്ഥിതിയാണ് ഇവിടെയുള്ളത്. എത്ര തികഞ്ഞ ആരോഗ്യവാനായ മനുഷ്യനും 12 വർഷത്തിൽ കൂടുതൽ അവിടെ ജോലി ചെയ്യാൻ കഴിയുകയില്ല, തീരാരോഗികളായി, നിത്യരോഗികളായി മാറുന്ന സ്ഥിതിയാണ് അവിടെയുള്ളത്. ഏത് സമയവും അപകടം സംഭവിക്കാവുന്ന, അപകടം പതിയിരിക്കുന്ന അപകടമരണങ്ങൾ മുഖാമുഖം കാണുന്ന ഈ തൊഴിലാളികളുടെ കാര്യത്തിൽ ഒരു പ്രത്യേക പരിഗണനയുണ്ടാകണം. പൊതുവായി കൺസ്ട്രക്ഷൻ തൊഴിലാളികളിൽപ്പെടുന്നു എന്നു പറഞ്ഞുകൊണ്ട് ഒഴിഞ്ഞുമാറാതെ ഈ തൊഴിലാളികളെ പ്രത്യേകമായി പരിഗണിച്ചുകൊണ്ട് ഒരു നിയമം കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു

(ചർച്ച തുടരും)

19. 2001-ലെ കേരള പട്ടിണിമരണ നിർമ്മാർജ്ജന ആഘോഷ പരിപാടി നിരോധന ബിൽ

(ശ്രീ. പി. പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, 2001-ലെ കേരള പട്ടിണിമരണ നിർമ്മാർജ്ജന ആഘോഷ പരിപാടി നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പു മന്ത്രി (ശ്രീ.കൃഷ്ണൻ കണിയാംപറമ്പിൽ) : അങ്ങനെ ഒരു നിയമത്തിന്റെ ആവശ്യമില്ല. കേരളത്തിലെ ഗ്രാമവും പട്ടണവും വ്യത്യാസമില്ലാതെ പൊതു വിതരണശൃംഖലയുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെ 42 ശതമാനം ജനങ്ങൾക്ക് ഇവിടെ സൗജന്യനിരക്കിൽ അരി കൊടുക്കുന്നുണ്ട്. അതുപോലെ മറ്റു സംവിധാനങ്ങളൊക്കെയുണ്ട്. അതുകൊണ്ട് അങ്ങനെ ഒരു നിയമത്തിന്റെ ആവശ്യമില്ല. മാറിമാറിവരുന്ന ഗവൺമെന്റുകൾ ഇവരുടെ താൽപ്പര്യങ്ങളെല്ലാം പരിരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ഭീതിജനകമായ ഒരു പ്രശ്നം അതിന്റെ പ്രാകൃതഭാവത്തിൽ അനാവരണം ചെയ്യുന്നതിനാണ് ഞാൻ ഈ സ്വകാര്യബിൽ കൊണ്ടുവന്നത്. ഇതൊരു സാമൂഹിക പ്രശ്നമാണ്. ഈ സാമൂഹ്യ പ്രശ്നത്തെ രാഷ്ട്രീയവൽക്കരിക്കുന്നതിനോ രാഷ്ട്രീയനേട്ടങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതിനോ ശ്രമിക്കരുതെന്നാണ് ആദ്യമായി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു മുതലാളിത്ത വികസന പാതയിൽ, ഒരു മുതലാളിത്ത വ്യവസ്ഥിതിയിൽ ഒരിക്കലും പട്ടിണിമരണം ഒഴിവാക്കുവാൻ കഴിയുകയില്ല. രാജ്യം എത്ര സമ്പന്നമായാലും ഒരു വിഭാഗം ആളുകൾ എപ്പോഴും പീഡിപ്പിക്കപ്പെടുകയും പട്ടിണിക്ക് വിധേയരായി ജീവിക്കേണ്ടിവരികയും ചെയ്യുന്നുണ്ട്. ഭക്ഷ്യസാധനങ്ങൾ രാജ്യം കയറ്റുമതി ചെയ്യുമ്പോൾപോലും ക്രയശേഷിയില്ലാതെ ആ രാജ്യത്തെ ജനങ്ങൾ പട്ടിണി കിടക്കേണ്ടിവരുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. പട്ടിണിമരണം സംബന്ധിച്ച് നാം വച്ചുപുലർത്തുന്ന ധാരണകൾ ശരിയല്ല. 'പാമ്പ് സഹവാസ യജ്ഞം' പോലെ നിരന്തരമായി പട്ടിണി കിടന്ന് മരിച്ചാലേ പട്ടിണിമരണമാകൂ എന്നുള്ള ധാരണ വച്ചുപുലർത്തുന്നത് ശരിയല്ല. തുടർച്ചയായി ഭക്ഷണം കഴിക്കാത്തതുമൂലം, ആവശ്യത്തിന് പോഷകാഹാരം ലഭിക്കാത്തതുമൂലം ജനങ്ങൾ രോഗികളായി മാറുകയും രോഗംമൂലം മരണപ്പെടുകയും ചെയ്യുന്നത് യഥാർത്ഥത്തിൽ പട്ടിണി മരണങ്ങളാണ്, പട്ടിണിജന്യരോഗംമൂലമുള്ള മരണമാണ്. നമ്മുടെ സമൂഹം ഇന്ന് അനിയന്ത്രിതമായ ആഘോഷഭ്രമത്തിൽ അകപ്പെട്ടിരിക്കുകയാണ്. ഇടുക്കിയിൽ നിന്ന് പട്ടിണി കിടക്കുന്ന ആളുകളെകണ്ട് ഞാൻ തിരുവനന്തപുരത്ത് എത്തുമ്പോൾ തിരുവനന്തപുരം നഗരം എപ്പോഴും ആർഭാടത്തിലും ആഘോഷത്തിലും തിളച്ചുമറിയുന്ന സ്ഥിതിയിലാണ് കാണുന്നത്. ആ കാര്യത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയണം. നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബ ജീവിതത്തിലും സമൂഹത്തിലുമെല്ലാം പരമാവധി ലാളിത്യം ഏറ്റുവാങ്ങുവാൻ തയ്യാറായി സാർവത്രികമായ ലളിതവൽക്കരണത്തിന്റെ ഭാഗമായി സമ്പത്ത് പാവങ്ങളുടെ ഉദ്ധാരണത്തിനു വേണ്ടി ചെലവഴിക്കണം ; അതുകൊണ്ടാണ് ഇതുരണ്ടും കൂട്ടിചേർത്ത് പറയാൻ ഇടയാക്കിയത്. ഇതിൽ സംശയം പ്രകടിപ്പിച്ച ബഹുമാനപ്പെട്ട കെ. പി. വിശ്വനാഥൻ ഇല്ലാതെപോയതിൽ ഖേദിക്കുന്നു.

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly